തിരുവിതാംക്കൂർ നാളികേരക്കമ്മിറ്റിആക്ട്

369. MR. MOHAMMED MUSTAFA (*Pathanapuram Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംക്കൂർ നാളികേരക്കമ്മിറ്റി ആക്ട് (൧൯൪൦) നടപ്പിൽ വരുത്തിയതിനുശേഷം ആ നിയമപ്രകാരം ഇതുവരെ സെസ്സ് ഇനത്തിൽ ഗവണ്മെൻറ് ആകെ എത്ര തുക വസൂൽ ചെയ്തിട്ടുണ്ട്?

(ബി) ഈ തുക എങ്ങിനെ വിനിയോഗിക്കുന്നു?

HON'BLE MR. T. M VARGHESE : (എ) തിരുവിതാംക്കൂർ നാളികേരക്കമ്മിറ്റിആക്ട് ൧൯൪൦-ൽ നടപ്പിൽ വരുത്തിയശേഷം ഇതുവരെ ആകെ ൩,൩൭,൪൭,൯൭൫ രൂപാ ൬൫ ചക്രം സെസ്സ് വസൂൽ ചെയ്തിട്ടുണ്ട്.

(ബി) ഈ തുകയിൽ പിരിവിന് ചെലവായ തുക നീക്കി, ബാക്കി മുക്കാൽലക്ഷം രൂപാ മിച്ചമുള്ളതു് ഇൻഡ്യൻ സെൻട്രൽ കോക്കനട് കമ്മിറ്റിക്ക് കൊടുത്തിട്ടുണ്ട്. അതു തെങ്ങിന്റെ രോഗനിവാരണത്തിനുവേണ്ട മാർഗ്ഗങ്ങൾ അന്വേഷിക്കാനും, തേങ്ങയുടെകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും നല്ല കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനും, കൊപ്രാ, വെളിച്ചെണ്ണ, പിണ്ണാക്ക്, മുതലായവ വിറ്റഴിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനുംമറ്റുമായി സെൻട്രൽകമ്മറ്റി ചിലവാക്കുന്നു.

MR. K. A. MUHAMMED : ഇൻഡ്യാഗവണ്മെൻറിന്റെ സെൻട്രൽ കോക്കനട് കമ്മറ്റിയല്ലേ റിസർച്ചുംമറ്റും നടത്തുന്നതു്? നേരേമറിച്ച് ഈ സെസ്സുമൂലം കിട്ടുന്നപണം ഇതിന്റെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനല്ലേ ചെലവാക്കേണ്ടതു്?

HON'BLE MR. T.M. VARGHESE : സെൻട്രൽ കോക്കനട് കമ്മിറ്റിയിൽ ൫൦ ശതമാനം തുക തിരുവിതാംക്കൂർ ഗവണ്മെൻറും, ബാക്കി ൫൦ ശതമാനംതുക ഇൻഡ്യാഗവണ്മെൻറും ചേർന്നാണ് പ്രവർത്തനം നടത്തുന്നതു്. ഈ പണം ഉപയോഗിച്ചാണ് ഈ കമ്മിറ്റി തെങ്ങിനെയും തേങ്ങയുംപറ്റി പൊതുവെ റിസർച്ചുചെയ്യുന്നതിനും തെങ്ങിന്റെ രോഗം കണ്ടുപിടിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നതു്. ഈ കാര്യങ്ങൾക്കുമാത്രമേ കമ്മിറ്റിക്കാർ ആ പണം ചെലവാക്കുന്നുള്ളൂ. വ്യവസായവും കമ്മിറ്റിയുമായി യാതൊരു ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA :(*Ambalapuzha I—Muslim*) : ഈ സെസ്സ് ഫാക്ടറി ആക്ടിൽ ഉൾപ്പെടാത്ത മില്ലുകളിൽ നിന്നു പിരിക്കുന്നുണ്ടോ?

HON'BLE. MR. T. M. VARGHESE : ഫാക്ടറി ആക്ടിൽ ഉൾപ്പെട്ട മില്ലുകളിൽനിന്നു മാത്രമെ പിരിക്കുന്നുള്ളു എന്നാണു ഗവണ്മെൻറിന്റെ അറിവു്.

Sea Boats.

370 MR. P. S. MUHAMED (*Moovattupuzha I—Muslim*) : Will the Honourable Minister for Marine be pleased to state :

(*a*) whether it is brought to the notice of the Government that two sea boats of the Government were broken recently ;

(*b*) if so, whether Government be pleased to state the reasons fcr breakage ; and

(*c*) whether Government made any investigation on it and if so, what are the results and who is responsible for the same ?

HON'BLE. MR. T. M. VARGHESE : (എ) ലാൻറിംഗ് ആൻറ് ഷിപ്പിംഗ്ഓഫീസു കമ്മിറ്റിവക രണ്ടുബോട്ടുകൾ അടുത്തകാലത്തു കടലിൽ നശിച്ചിട്ടുണ്ടു്.

(ബി). അങ്ങനെ നഷ്ടപ്പെടുവാൻ കാരണം ഫൻർ വുജൻ ൻ—ാംനു- രാത്രിയിൽ അവിചാരിതമായി ഉണ്ടായ ഭയങ്കരമായ മഴയും കോളിളക്കവുമാണു്. വള്ളം പിടിച്ചു കെട്ടുവാൻ ശ്രമം ചെയ്തുവെങ്കിലും കാറിന്റെ ശക്തിമൂലം അതു കെട്ടി ഉറപ്പിക്കുവാൻ കഴിഞ്ഞില്ല.

(സി). ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്. കാറും കോളുമുണ്ടായി പ്രതിവിധി ചെയ്യാൻ കഴിഞ്ഞിടത്തോളം ചെയ്തുവെങ്കിലും ആ പ്രതിവിധികളൊന്നും മതിയാകാത്ത വിധത്തിൽ കോളിളക്കത്തിന്റെ ശക്തിനിമിത്തം ഈ ബോട്ടുകൾ നഷ്ടപ്പെട്ടിട്ടുള്ളതാണു്. വള്ളംനഷ്ടപ്പെട്ടതിൽ ഗവണ്മെൻറിനു നേരിട്ടുള്ള നഷ്ടമൊന്നുമില്ല. അലപ്പുഴയുള്ള ലാൻറിംഗ് ആൻറ് ഷിപ്പിംഗ് ഫ്സു കമ്മിറ്റിയുടെ വകയാണു് ആ ബോട്ടുകൾ. അതു നഷ്ടപ്പെട്ടതുകൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം ഗവണ്മെറിനു നഷ്ടമാണു എന്ന രീതിയിൽ നഷ്ടമുണ്ടെന്നേയുള്ളു. ഈ വള്ളങ്ങൾ ഉണ്ടാക്കുവാൻ ഗവണ്മെൻറു കുറെ തുക കടം കൊടുത്തിട്ടുണ്ടു്. പലിശ ക്കാണു്. അതിൽ ഫർ,000 രൂപാ തിരിച്ചു കിട്ടിയിട്ടുണ്ടു. ബാക്കി കിട്ടുവാനുള്ളതു ശരിയായി ഈടാക്കത്തക്ക വ്യവസ്ഥയും ചെയ്തിട്ടുണ്ടു്. ആ നിലയിൽ ഗവണ്മെൻറിനു നേരിട്ടുള്ള നഷ്ടമൊന്നും ഇതുകൊണ്ടു ഉണ്ടാകാനില്ല.

LIBRARY ARCHIVES Kerala Legislative Assembly